**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3565 | 20.10.2016-ൽ മറുപടിയ്ക്ക്

## റോഡുകളുടെ വശങ്ങളിൽ സുരക്ഷിത നടപ്പാത

**ചോദ്യം**

**ശ്രീ.ടി. വി. ഇബ്രാഹിം**
**ശ്രീ.എം.ഉമ്മർ**
**ശ്രീ.എൻ.ഷംസുദ്ദീൻ**
**ശ്രീ.അബ്ദുൽ ഹമീദ് പി. :**

(എ) വാഹനഗതാഗതം സുഗമമാക്കാനായി റോഡിന്റെ ഉപയോഗയോഗ്യമായ ഭാഗം മുഴുവൻ ടാർ ചെയ്യുന്നതുമൂലം റോഡപകടങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇത്തരം റോഡുകളിലെ വാഹനങ്ങളുടെ അമിതവേഗം മൂലം കാൽനടയാത്രക്കാർ വാഹനങ്ങൾക്കിടയിൽപെട്ട് മരണമടയുന്ന സംഭവങ്ങൾ വർദ്ധിച്ച കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(സി) ഇത്തരം റോഡുകളുടെ വശങ്ങളിൽ ടാറിംഗിനൊപ്പം സുരക്ഷിത നടപ്പാത കൂടി ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) ഇല്ല.

(ബി) പരിഗണിക്കുന്നതാണ്. കാൽനടയാത്രക്കാരുടെ അപകടമൊഴിവാക്കാനായി ആവശ്യമായ സ്ഥലങ്ങളിൽ സീബ്രാലൈനുകളും റോഡ് മാർക്കിംഗുകളും ചെയ്യാറുണ്ട്.

(സി) ഇത്തരം റോഡുകളുടെ വശങ്ങളിൽ ടാറിംഗിനൊപ്പം സുരക്ഷിത നടപ്പാത കൂടി ഒരുക്കുന്നതിന് ഫണ്ടിന്റെ ലഭ്യത, സാങ്കേതിക സാദ്ധ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതയിൽ എൻ.എച്ച്.47 ഉം എൻ.എച്ച്. 17 ഉം ഒഴികെ എല്ലാ ദേശീയപാതകളും പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരി പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ കഴിവതും ഇത്തരം എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ